"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണ വകുപ്പ് - റേഷൻവ്യാപാരികൾക്ക് ഓണത്തോടനുബന്ധിച്ച് ഉത്സവബത്ത അനുവദിക്കുന്നതിനു പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.210/2026/F&CS തീയതി,തിരുവനന്തപുരം, 20-08-2026

---

പരാമർശം:- പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 08.08.2026 ലെ CCS/5687/2025-A9 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ റേഷൻ വിതരണ രംഗത്ത് പ്രധാന പങ്ക് വഹിക്കുന്ന റേഷൻ വ്യാപാരികൾക്ക് 2026 ഓണത്തോടനുബന്ധിച്ച് ഒരു റേഷൻ വ്യാപാരിയ്ക്ക് 1000/- രൂപ നിരക്കിൽ ഉത്സവബത്ത അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും നിലവിലുള്ള റേഷൻവ്യാപാരികൾക്ക് ഉത്സവബത്ത നൽകുന്നതിനാവശ്യമായ 1.30 കോടി രൂപ, FPS കമ്മീഷന്റെ അഡീഷണൽ സ്റ്റേറ്റ് ഷെയർ വിഹിതം അനുവദിക്കുന്ന 2408-01-101-91-03 എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകണമെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു റേഷൻ വ്യാപാരിയ്ക്ക് 1000/- രൂപയെന്ന നിരക്കിൽ, സംസ്ഥാനത്ത് നിലവിലുള്ള 13900 റേഷൻവ്യാപാരികൾക്ക് ഓണക്കാലത്തോടനുബന്ധിച്ച് ഉത്സവബത്ത അനുവദിക്കുന്നതിനായി 1.30 കോടി രൂപ, FPS കമ്മീഷന്റെ അഡീഷണൽ സ്റ്റേറ്റ് ഷെയർ വിഹിതം അനുവദിക്കുന്ന 2408-01-101-91-03 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനു പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUSAN LOPEZ
ജോയിന്റ് സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം



File No. FCSD-B3/170/2026-FCSD (Computer No. 3586580)
Generated from eOffice by NIDHIN V K, ASST (B3), FCS, ASST (B3) FCS, food and civil supplies deptartment on 21/08/2026 04:10 

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ), തിരുവനന്തപുരം

3. ധനകാര്യ അഗ്രി-സി വകുപ്പ് (603144/അഗ്ര-സി2/123/2026-ധന 20.08.2026)

4. വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഭ.പൊ.വി.വ-ബി3/170/2026-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Sneha S Nair
Date: 20-08-2026
18:29:25
സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ഭക്ഷ്യ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭക്ഷ്യവകുപ്പ സെക്രട്ടറിയുടെ പി.എയ്ക്ക്

ഭക്ഷ്യവകുപ്പ ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്

ഭക്ഷ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്